ഭരണഭാഷ-മാതൃഭാഷ

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് കാര്യാലയം

(ഒരു ഐ.എസ്.ഒ 9001 : 2015 സർട്ടിഫൈഡ് സ്ഥാപനം)
ചന്തപ്പുര, കടന്നപ്പള്ളി (പി.ഒ.), കണ്ണൂർ ജില്ല-670504
ഫോൺ : 04985277035 ഇ-മെയിൽ : kadannappallygp@gmail.com

A2/105/2026

13/11/2026

താല്പര്യപത്രം ക്ഷണിക്കുന്നു

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതി പ്രൊജക്ട് നം.272/27- ഏര്യത്ത് കളിസ്ഥലത്തിനായി ഭൂമി വാങ്ങൽ-സമഗ്ര കായിക വികസന ജില്ല പ്രൊജക്ട് നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡ് പരിധിയിലെ ഏര്യം ജംഗ്ഷന് സമീപ പ്രദേശങ്ങളിലായി(പാണപ്പുഴ വില്ലേജ്) 50 സെന്റ് വരെ ഭൂമി നൽകാൻ സന്നദ്ധതയുള്ളവരിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. താല്പര്യമുള്ള ഭൂവുടമകൾ 21 ദിവസത്തിനകം(25/11/2026 തീയതിക്കുള്ളിൽ) താല്പര്യപത്രം സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് വെബ് സൈറ്റിൽ നിന്നും (https://kadannappallypanapuzhapanchayat.lsgkerala.gov.in), പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത്ഓഫീസിൽ നിന്നും ലഭ്യമാണ്.

വ്യവസ്ഥകൾ :

1) സ്ഥലത്തേക്ക് പ്രവേശിക്കുന്നതിന് റോഡ് സൌകര്യം ഉണ്ടായിരിക്കണം.
2) കളിക്കളം നിർമ്മാണത്തിന് അനുയോജ്യമായ ഭൂമിയായിരിക്കണം.
3) ഭൂമിക്ക് ബാങ്ക് വായ്പകളോ മറ്റ് ബാദ്ധ്യതകളോ ഉണ്ടായിരിക്കാൻ പാടുള്ളതല്ല.
4) 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയായിരിക്കരുത്.
5) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ ഭൂമി ആയിരിക്കരുത്.
6) ജില്ലാ കളക്ടറുടെ വാലുവേഷൻ പ്രകാരമായിരിക്കും ഭൂമിയുടെ വില നിശ്ചയിക്കുക.

താല്പര്യപത്രത്തോടൊപ്പം ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി രസീത്, 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.